**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.248 — 03.02.2020 ൽ മറുപടിക്ക്

## ആർദ്രം മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം മിഷൻ പദ്ധതിയുടെ ലക്ഷ്യമെന്തെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ ആശുപത്രികളിൽ രോഗീ സൗഹാർദ്ദവും, ജനസൗഹാർദ്ദവുമാക്കി ആധുനികവൽക്കരിച്ച് ഗുണമേന്മയുള്ള സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ആർദ്രം മിഷൻ പ്രവർത്തിച്ചു വരുന്നത്.<br>താഴെ പറയുന്നവയാണ് ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ<br>1. മെഡിക്കൽ കോളേജിലെയും, സർക്കാർ ആശുപത്രികളിലെ ഒ.പി.വിഭാഗം സൗകര്യങ്ങൾ വികസിപ്പിച്ച് രോഗി സൗഹാർദ്ദം ആക്കുക.<br>2. ജില്ല/താലൂക്ക് തല ആശുപത്രികളിൽ യഥാക്രമം സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സൗകര്യങ്ങൾ അടക്കം വികസിപ്പിച്ച് നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുക.<br>3. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഒരു കുടുംബത്തിലെ എല്ലാ പേർക്കും പ്രാഥമിക ആരോഗ്യ പരിചരണം നൽകുവാൻ ആകുന്ന രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തുക.<br>4. ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖകൾ/പ്രോട്ടോകോളുകൾ എന്നിവ അടിസ്ഥാനമാക്കി ഗുണമേന്മയോടെയുള്ള ചികിത്സ ലഭ്യമാക്കുക. |
| (ബി) | ഇതിന്റെ ഭാഗമായി റാന്നി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ റാന്നി നിയോജക മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുത്ത കോട്ടാങ്ങൽ, വടശ്ശേരിക്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും പൂർണ്ണ സജ്ജമായി പ്രവർത്തനം നടത്തി |

| | | | |
|---|---|---|---|
| | | | വരികയും ചെയ്യുന്നു. രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത തെള്ളിയൂർ, എഴുമറ്റൂർ, റാന്നി പഴവങ്ങാടി, നാറാണം മൂഴി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, വെച്ചൂച്ചിറ സാമൂഹികാരോഗ്യ കേന്ദ്രവും കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തുന്നതിന് വേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>റാന്നി താലൂക്കാസ്ഥാന ആശുപത്രിയിലെ ഒ.പി.വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>റാന്നി താലൂക്കാസ്ഥാന ആശുപത്രിയിൽ 10 കിടക്കകളോട് കൂടിയ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചു. |

Hari

സെക്ഷൻ ഓഫീസർ